"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിലെ പ്രസിഡന്റ് സ്ഥാനങ്ങളുടെ നിശ്ചിത എണ്ണം സ്ത്രീകൾക്കും, പട്ടികജാതി പട്ടിക വർഗ്ഗവിഭാഗങ്ങൾക്കും വേണ്ടി സംവരണം ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (ഇ എം) വകുപ്പ്

സ.ഉ.(അച്ചടി) നം.24/2025/LSGD തീയതി,തിരുവനന്തപുരം, 03-05-2025

---

പരാമർശം:- തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 28.03.2025-ലെ LSGD/PD/8034/2025-EER1 നമ്പർ കത്ത്.

## ഉത്തരവ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 153-ാം വകുപ്പ് 3 (എ), (ബി)(i)(ii) ഉപവകുപ്പുകൾ പ്രകാരം സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിലെ പ്രസിഡന്റ് സ്ഥാനങ്ങളുടെ നിശ്ചിത എണ്ണം സ്ത്രീകൾക്കും, പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കും സംവരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി 2025-ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തെരഞ്ഞെടുപ്പിന്റെ ആവശ്യത്തിനായി പ്രസ്തുത സ്ഥാനങ്ങൾ സംവരണം ചെയ്യുന്നതിനുള്ള ശുപാർശ, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, പരാമർശം പ്രകാരം സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഈ വിഷയം പരിശോധിച്ചു. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 153 (3) (എ); 153 (ബി)(i)(ii) എന്നീ വകുപ്പുകൾ പ്രകാരം 2025-ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തെരഞ്ഞെടുപ്പിനു ശേഷം നിലവിൽ വരുന്ന ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിലെ പ്രസിഡന്റ് സ്ഥാനങ്ങൾ സ്ത്രീകൾക്കും, പട്ടികജാതി പട്ടിക് വർഗ്ഗ വിഭാഗങ്ങൾക്കും, താഴെപ്പറയുംവിധം സംവരണം ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ഗ്രാമ/ ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് | പ്രസിഡന്റ് സ്ഥാനങ്ങളുടെ എണ്ണം | പൊതു വിഭാഗം | വനിതാ സംവരണം ആകെ | വനിതാ സംവരണം പൊതു വിഭാഗം (ജനറൽ) | പട്ടികജാതി സംവരണം ആകെ | പട്ടികജാതി | പട്ടികജാതി വനിത | പട്ടികവർഗ്ഗ സംവരണം ആകെ | പട്ടിക വർഗ്ഗം | പട്ടികവർഗ്ഗം വനിത |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| ഗ്രാമ പഞ്ചായത്ത് | 941 | 416 | 471 | 417 | 92 | 46 | 46 | 16 | 8 | 8 |
| ബ്ലോക്ക് പഞ്ചായത്ത് | 152 | 67 | 77 | 67 | 15 | 7 | 8 | 3 | 1 | 2 |
| ജില്ലാ പഞ്ചായത്ത് | 14 | 6 | 7 | 7 | 1 | 1 | 0 | 0 | 0 | 0 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സെലീന.എ

ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. : ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by സെക്ഷൻ ഓഫീസർ
Ajith Kumar K A
Date: 03-05-2025 15:10:57